പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **332** — **28.06.2011**-ൽ മറുപടിയ്ക്ക്

മുസരിസ് പൈതൃക പദ്ധതിക്കായി റിസോഴ്സ് മാപ്പിംഗ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി.എൻ. പ്രതാപൻ | ഡോ. എം.കെ. മുനീർ<br>(ബഹു: പഞ്ചായത്തും<br>സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി.) |
| (എ) മുസരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി റിസോഴ്സ് മാപ്പിംഗിനായി ഇൻഫർമേഷൻ കേരള മിഷൻ മുഖേന എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) മുസരിസ് പൈതൃകപദ്ധതിയുടെ ഭാഗമായി രണ്ട് മുനിസിപ്പാലിറ്റികളിലും എട്ട് ഗ്രാമപഞ്ചായത്തുകളിലുമായി ഫീൽഡ് സർവ്വേ പൂർത്തിയായി വരുന്നു. പ്രാദേശിക വിഭവ വിവരവ്യൂഹം തയ്യാറാക്കുന്നതിലേക്കായുള്ള ഫീൽഡ് സർവ്വേ പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ജി.ഐ.എസ്. സാങ്കേതിക വിദ്യയിൽ അടിസ്ഥാനമായ സാറ്റലൈറ്റ് സർവ്വേ (ജി.പി.എസ്.) പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ. പ്രാദേശിക വിവരത്തെ കമ്പ്യൂട്ടർ സഹായത്താൽ ഡിജിറ്റൽ സാങ്കേതിക വിദ്യയിലേക്ക് മാറ്റുന്ന പ്രവർത്തനം ഐ.കെ.എം.ലെ ജി.ഐ.എസ് ലാബിൽ നടന്നു വരികയാണ്. ജി.പി.എസ്. സർവ്വേയിലൂടെ ലഭ്യമാകുന്ന വിവരങ്ങളും ഡിജിറ്റൽ ഡാറ്റായും പൂർത്തീകരിച്ചാൽ മാത്രമേ ജി.ഐ.എസ്. സാങ്കേതികത അടിസ്ഥാനമാക്കിയുള്ള സമ്പൂർണ്ണമായ വിഭവ ഭൂപടം പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. ഇതിലേക്കായി കെട്ടിടങ്ങളെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ, ജല സ്രോതസ്സുകളെ അടിസ്ഥാനമാക്കിയുള്ള അടിസ്ഥാന വിവരങ്ങൾ, പദ്ധതി പ്രദേശത്തെ മുഴുവൻ റോഡുകളെ സംബന്ധിക്കുന്ന വിവരങ്ങൾ, പ്രദേശത്തെ കൃഷി സംബന്ധമായ വിവരങ്ങൾ എന്നിവ ശേഖരിച്ചു വരികയാണ്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിക്കായി ഐ.കെ.എം. ലെ ജ്യോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റത്തിലെ സീനിയർ ടെക്നിക്കൽ ഓഫീസർ വ്യാജ വൗച്ചറുകൾ ഉപയോഗിച്ച് പണം എഴുതി എടുത്തതായി പരാതികൾ ലഭിച്ചിട്ടുണ്ടോ; | (ബി) | പരാതി ലഭിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ പ്രസ്തുത പരാതികളിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ? | (സി) | അന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ